Sharma Jee

Mob: 9899226510
9899423348
Res: 0120-2755179

Mob: 9899226510
9899423348
Res: 0120-2755179

# NEELGAGAN TENT HOUSE

Hi Class Decorators & Caterers

Specialist in :

Pipe Pandal,
Water Proof Pandal &
Outdoor Caterers

331, Shakti Khand Ist, Indrapuram, Ghaziabad (U.P.)





## ആവേശം അണയാതെ ഓണാഘോഷം

ഇന്ദിരാപുരം മലയാളി അസോസിയേഷന്റെ ഓണാഘോഷ പരിപാടികൾ 28നു ജെകെജി സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. 8.30നു പൂക്കളം, തുടർന്നു കലാമൽസരങ്ങൾ. ചിത്രരചന, പെയിന്റിങ്, കളറിങ്, ലളിതഗാനമൽസരം, സംഘ നൃത്തം, ഉപകരണ സംഗീതം, പ്രച്ഛന്നവേഷം തുടങ്ങിയ മൽസരങ്ങൾ നടക്കും. 11നു സാംസ്കാരിക സമ്മേളനം. ഡോ. അകവൂർ നാരായണൻ, ജെകെജി സ്കൂൾ പ്രിൻസിപ്പൽ ജെ.കെ. ഗൗർ തുടങ്ങിയവർ മുഖ്യാതിഥികളായിരിക്കും. ജനറൽ സെക്രട്ടറി കെ.ടി. മഹാശയൻ പ്രസംഗിക്കും. സ്വീകരണ കമ്മിറ്റി കൺവീനർ ബി. നാഥ്, അസോസിയേഷൻ പ്രസിഡന്റ് ബിജു തങ്കപ്പൻ, കൾച്ചറൽ കമ്മിറ്റി കൺവീനർ എം.എൽ. ജോർജ് തുടങ്ങിയവർ നേതൃത്വം നൽകും. 10, 12 ക്ലാസുകളിൽ മികച്ച വിജയം നേടിയ വിദ്യാർഥികൾക്കു കാഷ് അവാർഡ് നൽകും. 11.50നു ഇന്ദിരാപുരം ഭവഭൂതി നാട്യാലയം അവതരിപ്പിക്കുന്ന നൃത്തനൃത്യങ്ങൾ. 12.30 മുതൽ ഓണസദ്യ. 2.45 മുതൽ കലാപരിപാടികൾ.

## അനുമോദിച്ചു

ഗാസിയാബാദ്: ഇന്ദിരാപുരം മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ പത്താം ക്ലാസിൽ മികച്ച വിജയം നേടിയ വിദ്യാർഥികളെ അനുമോദിച്ചു.

ഏറ്റവും കൂടുതൽ മാർക്കു നേടിയ മമതാ രാമസ്വാമിക്ക് എൻ.എം. ചന്ദ്രഹാസൻ സ്മാരക ട്രോഫി അദ്ദേഹത്തിന്റെ പത്നി സർലാ ചന്ദ്രഹാസൻ സമ്മാനിച്ചു.

തുളസി നായർ, അഖിൽ വി. രാജ്, ഉണ്ണിക്കൃഷ്ണൻ നായർ, വി.എസ്. ശ്രീജാ, ജോയ്സി സെബാസ്റ്റ്യൻ, സിസ്നി പഴയാറ്റിൽ, പി.എസ്. കാർത്തിക തുടങ്ങിയവർ കാഷ് അവാർഡിന് അർഹരായി.

2008 ഏപ്രിൽ 1



*പ്രസിഡന്റ് ബിജു തങ്കപ്പനും ജനറൽ സെക്രട്ടറി കെ.ടി. മഹാശയനും.*

## ബിജു പ്രസിഡന്റ്

ന്യൂഡൽഹി: ഇന്ദിരാപുരം മലയാളി അസോസിയേഷൻ പ്രസിഡന്റായി ബിജു തങ്കപ്പനെയും ജനറൽ സെക്രട്ടറിയായി കെ.ടി. മഹാശയനെയും തിരഞ്ഞെടുത്തു. മറ്റ് ഭാരവാഹികൾ– എം.എൽ ജോർജ് (വൈ പ്രസി), ബി. നാഥ് (ജോ സെക്ര), വാസുദേവൻ എസ്. ശർമ (ട്രഷ), എ. എസ്. നീലകണ്ഠൻ (ജോ ട്രഷ). എട്ടംഗ പ്രവർത്തകസമിതിയെയും തിരഞ്ഞെടുത്തു.

2008 October 7 Tuesday www.manor



*ഗാസിയാബാദ് ഇന്ദിരാപുരം മലയാളി അസോസിയേഷൻ വാർഷികാഘോഷവും ഓണാഘോഷവും പ്രസിഡന്റ് ബിജു തങ്കപ്പൻ ഉദ്ഘാടനം ചെയ്യുന്നു. ജനറൽ സെക്രട്ടറി കെ.ടി.മഹാശയൻ, ബി.നാഥ്, എൻ.കെ.കെ.കുട്ടി എന്നിവർ സമീപം.*



*പത്താം ക്ലാസിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കിയ മമതാ രാമസ്വാമിക്കു സർലാ ചന്ദ്രഹാസൻ ട്രോഫി സമ്മാനിക്കുന്നു*